# QUESTION PAPER

## MALAYALAM

Kerala Plus One • Second Term Evaluation • December 2018

**BOOK • FLIP STYLE EDITION**

Class No: ..............................................................

Name : ..................................................................

**FSE 08**

# FIRST YEAR HIGHER SECONDARY
# SECOND TERMINAL EVALUATION : DECEMBER-2018
## PART-II
## MALAYALAM
## Maximum : 80 Scores

Time : 2½ Hours
Cool-off Time : 15 Minutes

---

<u>വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :</u>

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാ ഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. (5×2=10)

1. "നെടിയ കണ്ണിലെ കൃഷ്ണകാന്തങ്ങൾ തൻ കിരണമേറ്റെന്റെ ചില്ലകൾ പൂത്തതും"

   ഈ വരികളിലെ ആശയത്തെ സൂചിപ്പിക്കുന്ന വാക്യങ്ങൾ ഏതെല്ലാമെന്ന് എടുത്തെഴുതുക.

   - സൂര്യരശ്മികളിൽ കൃഷ്ണകാന്തങ്ങൾ അലിഞ്ഞു.
   - കൃഷ്ണകാന്തങ്ങളുടെ കിരണമേറ്റ് മരച്ചില്ലകൾ പൂത്തുലഞ്ഞു.
   - പ്രണയിനിയുടെ നോട്ടം കാമുകന്റെ ഹൃദയത്തിൽ വൈകാരിക അനുഭൂതി ഉണ്ടാക്കി.
   - പെൺകുട്ടിയുടെ കടാക്ഷം ആകർഷകമായിരുന്നു.

2. [illegible]

എഴുതുക.

- കാടനുഭവം ആവിഷ്ക്കരിക്കുമ്പോൾ ഭാവനയുടെ നിറം കൂടി ചേരുന്നു.
- ഭാവനയുടെ ഇന്ദ്രജാലം മാത്രം അവതരിപ്പിക്കുന്നു.
- കാട് ഉപഭോഗ വസ്തുവാണെന്ന ധാരണ ജനിപ്പിക്കുന്നു.
- വൈകാരികതയുടെ സ്പർശം ഭാഷയെ ആകർഷകമാക്കുന്നു.

3. ജനപ്രിയ സിനിമകൾക്ക് എതിരെ ഉന്നയിക്കപ്പെടുന്ന പ്രധാന ആക്ഷേപങ്ങൾ എഴുതുക.

- കമ്പോളത്തിനു വേണ്ടി ഉൽപ്പാദിപ്പിക്കപ്പെടുന്ന വിനോദ വിഭവങ്ങളാണ് ജനപ്രിയ സിനിമകൾ.
- ജനപ്രിയ സിനിമ സമൂഹത്തെ പ്രതിഫലിപ്പിക്കുന്നു.
- ജീവിത യാഥാർത്ഥ്യത്തെ അതേപടി അവതരിപ്പിക്കുന്നവയാണ് ജനപ്രിയ സിനിമകൾ.
- യാഥാർത്ഥ്യങ്ങളിൽ നിന്നുള്ള പലായനമാണ് ജനപ്രിയ സിനിമ സാധ്യമാക്കുന്നത്.

4. "കവിത ഈണത്തിൽ പാടാനുള്ള ശ്രമത്തിൽ അവരുടെ ഇടറിയ ഒച്ച വല്ലാതെ നേർത്ത് തൊണ്ടയിലാരോ പിടിച്ച് മുറുക്കിയതുപോലെ ഒരു ഞരക്കമായി തീർന്നു.''- ഈ വരികളിലെ ആശയത്തോട് ചേർന്ന് നിൽക്കുന്നവ ഏതെല്ലാമാണ് ?

- തടഞ്ഞു നിർത്തിയ സർഗ്ഗാത്മകത
- പുരുഷാധിപത്യത്തിനുമേലുള്ള വിജയം
- സാധ്യമാകാതെ പോയ സ്ത്രീ മുന്നേറ്റം
- വൃദ്ധയുടെ അവസ്ഥയ്ക്ക് നേർക്കുള്ള പരിഹാസം

5. 'കൈപ്പാട്' എന്ന ആധാര ചിത്രത്തിന്റെ രണ്ട് സവിശേഷതകൾ തിരഞ്ഞെടുത്തെഴുതുക.

- മനുഷ്യൻ പ്രകൃതിയ്ക്ക് ഏൽപ്പിക്കുന്ന ആഘാതങ്ങളെ ദൃശ്യവൽക്കരിക്കുന്നു.
- പ്രകൃതി സൗന്ദര്യവും ജൈവ സമ്പത്തും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നു.
- ജീവജാലങ്ങളുടെ പാരസ്പര്യത്തിന്റെ പ്രാധാന്യം ചിത്രീകരിക്കുന്നു.
- പ്രകൃതിക്ഷോഭങ്ങളെ അവതരിപ്പിക്കുന്നു.

6. താഴെ കൊടുത്തിട്ടുള്ളവയിൽ മത്സ്യത്തിന്റെ അതിജീവനത്തെ സവിശേഷതമാക്കുന്ന രണ്ട് പ്രയോഗങ്ങൾ എഴുതുക.

- ചുട്ടുപഴുത്ത സൂചിപ്പൊട്ടുപോലെ ഓടിക്കൊണ്ടിരിക്കുന്നു.
- വേലിയേറ്റങ്ങളുടെ വൈകുന്നേരങ്ങൾ
- വായ്ത്തലകൾക്ക് അവന്റെ വേഗവും കിട്ടിയില്ല.
- കടലിന്റെ ഭ്രാന്തുപിടിച്ച രക്തം

7 മുതൽ 13 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 ചോദ്യങ്ങൾക്ക് നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും 4 സ്കോർ വീതം. **(6×4=24)**

7. "വാക്കിന് ഒരർത്ഥത്തിൽ കവിഞ്ഞ് മറ്റൊരർത്ഥമില്ലെങ്കിൽ അത് കവിതയാകുന്നില്ല". ഈ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ താഴെക്കൊടുത്തിരിക്കുന്ന കവിതയുടെ വ്യത്യസ്ത അർത്ഥങ്ങൾ കണ്ടെത്തി എഴുതുക.

"പെണ്ണു കാണാൻ പോകുമ്പോൾ
കണ്ണ് മാത്രം പോരാ
കണ്ണാടിയും കൊണ്ടുപോകണം"

8. പുതുതലമുറയ്ക്ക് കേരളത്തിന്റെ പഴയ കാല സാമൂഹിക ചരിത്രം മനസ്സിലാക്കാൻ 'കായലരികത്ത്' എന്ന ഗാന ചിത്രീകരണം എത്രത്തോളം സഹായകമാണ് ? ലഘുകുറിപ്പ് തയ്യാറാക്കുക.

9. ഹസ്നയുടെ ഭാവനാ ലോകത്തെ 'കേൾക്കുന്നുണ്ടോ' എന്ന സിനിമയിൽ അവതരിപ്പിക്കുന്നതെങ്ങനെ ? നിരീക്ഷണങ്ങൾ എഴുതുക.

10. " അവൻ ഒരു കണ്ണാടിയിലും കാഴ്ച്ചയായില്ല " പ്രദർശനങ്ങൾക്ക് പ്രാധാന്യം ഉള്ള ഈ കാലഘട്ടത്തിൽ മത്സ്യത്തിന്റെ നിലപാട് എത്രത്തോളം പ്രസക്തമാണ് ? നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കുക.

11. പ്രകൃതിയുടെ സൗന്ദര്യം ആസ്വദിക്കാനുള്ള മനുഷ്യന്റെ യാത്രകൾ കാടിന്റെ സ്വഭാവിക താളത്തെ ഇല്ലായ്മ ചെയ്യുന്നുവോ ? നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

12. 'കൈപ്പാട്' എന്ന സിനിമയിൽ ഏറ്റവും പ്രസക്തം എന്ന് നിങ്ങൾക്ക് തോന്നിയ ഒരു സന്ദർഭം കണ്ടെത്തി വിശദീകരിക്കുക.

13. എന്റെ ചിരിയ്ക്കകത്തെ ദുഃഖത്തിന്റെ മുഴക്കം അവർ കേൾക്കുന്നില്ല - ഈ പ്രയോഗത്തിൽ നിന്ന് നിങ്ങൾ മനസ്സിലാക്കുന്നതെന്ത് ? വ്യക്തമാക്കുക.

14 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ആറ് സ്കോർ വീതം **(4×6=24)**

14. നാം കാണാതേയും കേൾക്കാതേയും പോകുന്ന കാര്യങ്ങളെ അന്ധയായ പെൺകുട്ടിയിലൂടെ കേൾപ്പിക്കുകയാണോ "കേൾക്കുന്നുണ്ടോ" എന്ന ഹ്രസ്വ ചിത്രത്തിലൂടെ സംവിധായിക ചെയ്യുന്നത് ? നിങ്ങളുടെ നിഗമനങ്ങൾ അവതരിപ്പിക്കുക.

15. " മങ്ങിയ വിരിയിട്ട മേശമേൽ ഇരുന്ന ചെറിയ സ്റ്റീൽ ഫ്ലാസ്ക്ക് ചെറുതായി വിറച്ചു. അരികിലിരുന്ന ഔൺസ് ഗ്ലാസ്സ് മറിഞ്ഞുവീണുരുണ്ടു. അപ്പോൾ ഏതോ ഔഷധത്തിന്റെ ഗന്ധമുയർന്നു. "

ഓർമ്മയുടെ ഞരമ്പിലെ ഈ സന്ദർഭത്തിന് വൃദ്ധയുടെ ജീവിതാവസ്ഥയുമായി ബന്ധമുണ്ടെന്ന് നിങ്ങൾ കരുതുന്നുണ്ടോ ? - വിശദീകരിക്കുക.

16. "നിമിഷ നേരത്തേയ്ക്ക് മുഖം കാട്ടുന്ന കഥാപാത്രങ്ങളെപ്പോലും അവിസ്മരണീയമാക്കുന്നതിലുള്ള ഡിസിക്കയുടെ വൈദഗ്ദ്ധ്യം 'സൈക്കിൾ മോഷ്ടാക്കൾ' എന്ന സിനിമയിൽ കാണാം." ഏതെങ്കിലും രണ്ട് കഥാപാത്രങ്ങളെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

17. " ജാതി, മതം, കുടുംബം, സ്ത്രീ എന്നിവയെക്കുറിച്ചെല്ലാം നിലവിലുള്ള പൊതുബോധത്തെ പുനരുൽപ്പാദിപ്പിക്കുകയാണ് ജനപ്രിയ കച്ചവട സിനിമകൾ " ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുവോ ? അഭിപ്രായങ്ങൾ വ്യക്തമാക്കുക.

18. [illegible]
"പുതിയ ലോകവും മനുഷ്യ സ്വാതന്ത്ര്യവും " എന്ന വിഷയത്തിൽ ഒരു പ്രഭാഷണം തയ്യാറാക്കുക.

താഴെ കൊടുത്തിരിക്കുന്ന കവിത വായിച്ച് 19 മുതൽ 21 വരെയുള്ള ചോദ്യങ്ങൾക്ക് ഉചിതമായ ഉത്തരം എഴുതുക. **(3×2=6)**

സന്ധ്യയ്ക്ക് കുളിച്ചെല്ലാ
ശല്യത്തിൽ നിന്നും വേറി-
ട്ടങ്ങു വായിപ്പൂ, ദിവ്യ-
മുറക്കെ ബ്ഭാഗവതം.

നീ വരുന്നില്ലേ, വന്നി-
ങ്ങിരിക്കെ, യെന്നൊക്കെ കേൾക്കാം
താവകസ്വരം, തീയി-
ന്നരികിലെനിക്കപ്പോൾ

വെപ്പുവേലകൾ, തേച്ചു
കഴുകിത്തീരാനാകാ-
തെത്ര പാത്രങ്ങൾ, നാളേ-
യ്ക്കെത്ര കൊച്ചുകാര്യങ്ങൾ.
കരിപറ്റിയ കൈയാൽ
മരണം വരെത്തീരാ-
മഹാഭാഗവതം ഞാൻ
മറിച്ചുവായിക്കുന്നു
മടിയാതെന്നും;
അങ്ങു കേൾക്കുവാൻ വരുന്നില്ല.

(ഭാഗവതം - വിജയലക്ഷ്മി)

19. [illegible] പറയുന്ന കാരണങ്ങൾ എന്തെല്ലാം ?

(സ്കോർ 2)

20. എന്നും മറിച്ച് വായിക്കുന്ന മഹാഭാഗവതം സ്വന്തം ജീവിതം തന്നെയാണെന്ന് കവി വ്യക്തമാക്കുന്നതെങ്ങനെ ?

(സ്കോർ 2)

21. സ്ത്രീ അവസ്ഥയെക്കുറിച് ഈ കവിത മുന്നോട്ടു വയ്ക്കുന്ന ആശയം എന്ത് ?

(സ്കോർ 2)

22 മുതൽ 24 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഒന്നരപ്പുറത്തിൽ ഉത്തരമെഴുതുക.

**(2×8=16)**

22. " നാം ഓരോരുത്തരും നഷ്ടപ്പെട്ടതിനെ തിരഞ്ഞുകൊണ്ടിരിക്കുകയാണ്. "

" ഒപ്പം കൈപിടിച്ച് നടക്കുന്ന കുഞ്ഞുങ്ങളാണ് യഥാർത്ഥ സമ്പത്ത് എന്ന് ഈ ചലച്ചിത്രം (സൈക്കിൾ മോഷ്ടാക്കൾ) നമ്മെ തിരിച്ചറിയിക്കുന്നു."

മേൽ സൂചിപ്പിച്ച നിരീക്ഷണങ്ങളെ മുൻ നിർത്തി സൈക്കിൾ മോഷ്ടാക്കൾ എന്ന സിനിമയ്ക്ക് നിരൂപണം തയ്യാറാക്കുക.

23. " ഭദ്രേ, ചിതൽക്കേടിനാൽ

വാടിപ്പോകാതുള്ളിലുണ്ടല്ലോ

നമുക്കൊരു ചെമ്പനീർ തോട്ടം "

(പനിനീർ പൂന്തോട്ടം - വൈലോപ്പിള്ളി)

ഈ വരികളിൽ തെളിയുന്ന ശുഭചിന്തയും ആത്മവിശ്വാസവും അണയാത്ത പ്രതീക്ഷയും " ഊഞ്ഞാലിൽ" എന്ന കവിതയിലും കവി ആവിഷ്കരിക്കുന്നുണ്ടോ ? വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.

24. അരികിലാകുമ്പോഴും അപരിചിതത്വവും അകൽച്ചയും ഭാവിച്ച് മൗനത്തിലേയ്ക്ക് പതിക്കുന്ന പ്രണയത്തെയാണോ ബാലചന്ദ്രൻ ചുള്ളിക്കാട് സന്ദർശനത്തിൽ അവതരിപ്പിക്കുന്നത്? കവിതാ സന്ദർഭങ്ങളെ മുൻനിർത്തി നിരൂപണം തയ്യാറാക്കുക.

---